# വികസന രേഖ പ്രദർശനം



ജനം, ജനാധിപത്യം

## രാഷ്ട്രീയ കേരളം

2025 നവം 25-
2026 ജനു 26

I

**SSF KERALA**

Students' Centre, Calicut-4 www.ssfkerala.org

# സാമൂഹികം

- മെയിൻ റോഡുകളിലും ചെറിയ ഊടുവഴികളിലും **വിളക്കുകാലുകൾ പുതിയത് സ്ഥാപിച്ച് സൗന്ദര്യവൽക്കരണം നടത്തുക.**



- ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ സർക്കാരിലേക്ക് എത്തിക്കാനും അതിലൂടെ പരിഹാരം സാധ്യമാക്കാനും കഴിയുന്ന വിധം **ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിക്കുക.**
- **ലഹരിക്കെതിരെയുള്ള ബോധവത്കരണം കൂടുതൽ ശക്തമായി നടത്തേണ്ടതുണ്ട്.** പ്രത്യേകിച്ചും വിദ്യാർഥികൾക്കിടയിൽ, വിദ്യാർഥി സംഘടനകളുമായി സഹകരിച്ചുകൊണ്ട് ഇത് നിർവഹിക്കാവുന്നതാണ്.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26

1

**വികസന രേഖ പ്രദർശനം**

# സാമൂഹികം

- സാമുദായിക ഐക്യം നിലനിർത്തുന്നതിന് പരസ്പര പങ്കാളിത്തത്തോടെയുള്ള സൗഹൃദ പദ്ധതികൾ ആവിഷ്കരിക്കുക.
- ജനസംഖ്യാ അനുപാതത്തിലുള്ള റേഷൻ കടകളും മാവേലിസ്റ്റോറുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളെടുക്കുക.
- അംഗൻവാടികൾ വഴി നൽകുന്ന പോഷകാഹാര വിതരണം കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്. 5 വയസ്സുവരെയുള്ള മുഴുവൻ വിദ്യാർഥികൾക്കും മെച്ചപ്പെട്ട രീതിയിൽ പോഷകാഹാര വിതരണം ഉണ്ടാകേണ്ടതുണ്ട്.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26



വികസന രേഖ പ്രദർശനം

# സാമൂഹികം

- മുൻഗണനാ, സബ്സിഡി റേഷൻ കാർഡുകൾ അനർഹർ ഉപയോഗിക്കുന്നത് തടയാൻ നടപടികൾ സ്വീകരിക്കണം.




# മാലിന്യസംസ്കരണം

- പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്ത് എന്ന ആശയം നടപ്പിലാക്കാൻ പ്ലാസ്റ്റിക് കവറുകൾക്ക് പകരം **സഞ്ചികളും മറ്റും പഞ്ചായത്തിനു കീഴിൽ നിർമ്മിക്കുക.**
- മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്ക് പിഴ ചുമത്തുക.




ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26

3

## വികസന രേഖ പ്രദർശനം

# മാലിന്യസംസ്കരണം

- വീടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ഓരോ വീടുകൾ കേന്ദ്രീകരിച്ചും കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് നടപ്പിൽ വരുത്തുക.
  (ആവശ്യമായ ചെലവിൽ പകുതിയെങ്കിലും സബ്സിഡി അനുവദിക്കുക.)



- വീട്ടിലെ മാലിന്യങ്ങൾ ജൈവവളമായി ഉപയോഗിക്കാൻ പറ്റുന്ന രീതികളെ കുറിച്ച് (ബയോബിൻ, കിച്ചൺബിൻ പോലുള്ളവ) ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.
- വീട്ടുകൃഷി പ്രോത്സാഹിപ്പിക്കുക.
- പഞ്ചായത്തിന്റെ കീഴിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി നിലവിലുണ്ടെങ്കിലും കാര്യക്ഷമമായി നടക്കുന്നില്ല.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26
൪

വികസന രേഖ
പ്രദർശനം

# മാലിന്യസംസ്കരണം

- വാർഡുകൾ കേന്ദ്രീകരിച്ച് പ്ലാസ്റ്റിക്ക് വേസ്റ്റുകൾ ശേഖരിക്കുകയും അതിനെ റീസൈക്കിൾ ചെയ്ത് പുതിയ ഉപകരണങ്ങൾ നിർമ്മിക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്യാം.
- വാർഡുകളിൽ മിനി എം.സി.എഫ്, ഹരിതകർമ്മസേനകൾക്കുള്ള സ്വയം തൊഴിൽ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി മാലിന്യ സംസ്കരണ പദ്ധതികൾ വിപുലപ്പെടുത്താവുന്നതാണ്.
- പ്ലാസ്റ്റിക്ക് ബോട്ടിലുകൾ ശേഖരിച്ചു പുനചക്രമണം നടത്തുന്നിതിനായി വാർഡുകളിലെ പ്രധാന ഭാഗങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുക.
- വീടുകളിൽ നിന്നും ശേഖരിക്കുന്ന യൂസർഫീ കർശനമായി നടപ്പിലാക്കുക.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26

5

വികസന രേഖ പ്രദർശനം

# ആരോഗ്യം

- പെട്ടെന്നുണ്ടാകുന്ന അപകടങ്ങളിലും അത്യാഹിതങ്ങളിലും പ്രഥമ ശുശ്രൂഷ ഏറെ പ്രധാനമാണ്. അതിനാൽ **പ്രഥമ ശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനങ്ങൾ എല്ലാ വീട്ടിലെയും ഒരംഗത്തിനെങ്കിലും ലഭ്യമാക്കുക.**

- പഞ്ചായത്തിലെ ഓരോ വീടുകളിലും ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിക്കുകയും അതിലേക്ക് ആവശ്യമായ മരുന്നുവിതരണം വാർഡുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുക. **വാർഡുകൾ അടിസ്ഥാനത്തിൽ പ്രഥമ ശുശ്രൂഷ നൽകുന്നതിന് പ്രത്യേക ആളുകളെ കണ്ടെത്തി പദ്ധതി ആവിഷ്കരിക്കുക.**



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26



**വികസന രേഖ പ്രദർശനം**

# ആരോഗ്യം



- മഴക്കാലത്തും മറ്റു സീസണുകളിലുമുണ്ടാകുന്ന ജലജന്യരോഗങ്ങൾ അടക്കമുള്ള പകർച്ചവ്യാധികളെ കൃത്യമായി നിയന്ത്രിക്കാനും ജനങ്ങൾക്ക് അവബോധം നൽകാനും ഒരു മെഡിക്കൽ വിംഗിനെ തന്നെ രൂപപ്പെടുത്തേണ്ടതുണ്ട്.
- പൂർണ്ണമായി പരിശീലനം ലഭിച്ച ഈ ടീമുകളിൽ ഓരോ വാർഡിലേക്കും ഓരോ അംഗമെന്ന നിലയ്ക്ക് വിന്യസിക്കുക. അവർക്ക് കീഴിൽ ഒരു പ്രത്യേക ടീമിനെ ഓരോ വാർഡിലും സജ്ജീകരിക്കുക. ഇങ്ങനെ ഒരു മെഡിക്കൽ വളണ്ടിയർ ടീമിനെ തന്നെ ഭരണസമിതി വളർത്തിയെടുത്താൽ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാകും.

ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25- 2026 ജനു 26

## വികസന രേഖ പ്രദർശനം

# ആരോഗ്യം

- ദുരന്ത നിവാരണത്തിന്നായി ഒരോ വാർഡുകളിൽ നിന്നും പ്രാതിനിധ്യമുള്ള സന്നദ്ധ സംഘത്തെ രൂപപ്പെടുത്തുക.
- തദ്ദേശ ഭരണകൂടം ആവശ്യാനുസരണം പൊതു ശൗചാലയങ്ങൾ പണിയാനുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്. പൊതു ശൗചാലയങ്ങളുടെ പരിപാലനത്തിനും ഉപയോഗക്ഷമത ഉറപ്പ് വരുത്താനും സംവിധാനം കാണണം.




ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25- 2026 ജനു 26

8

**വികസന രേഖ പ്രദർശനം**

# കാർഷിക മേഖല

- പഞ്ചായത്തിലെ മുഴുവൻ വീടുകളിലും **ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.**
- കൃഷിഭവനിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളെ ജനങ്ങളിലേക്കെത്തിക്കാൻ **സോഷ്യൽ മീഡിയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.**
- കാർഷിക അഭിവൃദ്ധിക്കുവേണ്ടി വർഷം തോറും **അഗ്രികൾച്ചറൽ ഫെസ്റ്റിവൽ നടത്തുക.**
- നല്ലയിനം വിത്തുകളും ജൈവവളങ്ങളും മറ്റു മുഴുവൻ കാര്യങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ട് പഞ്ചായത്തിലെ ഒരു ഉത്സവമായി ഇതിനെ മാറ്റാം.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26
9

**വികസന രേഖ പ്രദർശനം**

# കാർഷിക മേഖല

- പാൽ, മുട്ട, മത്സ്യം, മാംസം എന്നിവയുടെ സ്വയംപര്യാപ്തതക്ക് സബ്സിഡികളോടെ സഹകരണസംഘങ്ങൾ രൂപപ്പെടുത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ആഴ്ചകളിലെ പച്ചക്കറി ചന്തകൾ കൂടുതൽ വിപുലമായി നടത്തുക.
- കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കി നേരിട്ട് വില്പന നടത്തുന്നതിന് ഈ ചന്തകൾ വഴി സാധിക്കണം.
- കൃഷിയും അനുബന്ധപ്രവർത്തനങ്ങളും പഠിക്കാൻ ഡിജിറ്റൽ സംവിധാനങ്ങൾ വഴി സൗകര്യമൊരുക്കുക.
- കുടിവെള്ളം ലഭ്യമാകുന്ന ഇടങ്ങളും ലഭ്യമാകാത്ത ഇടങ്ങളും വേർതിരിച്ചു ശേഖരിച്ചുവെക്കുക.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26
10

വികസന രേഖ
പ്രദർശനം

# കാർഷിക മേഖല

- പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ, കുളങ്ങൾ, മറ്റു ജല സംഭരണികൾ സംരക്ഷിക്കാനുള്ള ഇടപെടലുകൾ നടത്തണം

# കൈത്താങ്ങ്



- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠിക്കാനുള്ള ബഡ്സ് സ്കൂളുകൾ കൂടുതൽ സൗകര്യത്തോടെ പ്രവർത്തിക്കണം.
- അതിനുപുറമേ വിദ്യാർഥികൾക്ക് ഇത്തരം സ്കൂളുകളിൽ എത്തിച്ചേരാൻ ആവശ്യമായ വാഹന സൗകര്യങ്ങളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം.

ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26

11

**വികസന രേഖ പ്രദർശനം**